24/12/21
08/12/21

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No.638(3)/*2014*/*എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.3432/*എസ്.ഐ.സി-ജി 1/2014*)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

(തീയതി: 08-12-2021)

**ശ്രീ. മുരളീധരൻ പിള്ള,**
നിലാവ്, ആരംപുന്ന
ഇളമ്പൽ പി.ഒ, പുനലൂർ
കൊല്ലം, 691 322 — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്
   പുനലൂർ പോലീസ് സ്റ്റേഷൻ, കൊല്ലം 691 305

2. അപ്പീൽ അധികാരി & സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്
   പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ കാര്യാലയം,
   കൊല്ലം 691 305 — എതിർകക്ഷികൾ

**ഉത്തരവ്**

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 18-06-2019 ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്. അതിൽ പറഞ്ഞിരുന്നത് ഇപ്രകാരമാണ്. "അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ 9,11,12 ഇനങ്ങൾ അപ്പീൽ ഹർജിക്കാരൻ ഉൾപ്പെട്ട കേസിലെ എതിർകക്ഷിയുടെ ജീവനെ ബാധിക്കുന്നതാണ് എന്ന നിഗമനത്തിൽ വിവരാവകാശ നിയമം

8(1)(g)(h) വകുപ്പുകൾ പ്രകാരം നൽകാൻ കഴിയില്ല എന്ന എസ്.പി.ഐ.ഒ യുടെ മറുപടി പൂർണ്ണമായി അംഗീകരിക്കാൻ കഴിയുന്നതല്ല. കാരണം, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട മൊഴിയുടെ പകർപ്പുകൾ ടിയാനു ലഭിക്കേണ്ടത്, ഇതു സംബന്ധിച്ച കേസിൽ ടിയാന്റെ ഭാഗം പ്രതിരോധിക്കുന്നതിനോ, ന്യായീകരിക്കുന്നതിനോ വേണ്ടിയുള്ളതാവും, അങ്ങിനെ വരുമ്പോൾ ടിയാൻ പ്രതിയാണെങ്കിൽ പോലും ടിയാന് എതിരായ കേസിന്റെ നിജസ്ഥിതി അറിഞ്ഞ് അത് നേരിടുന്നതിന് മൊഴികൾ ലഭിക്കുക എന്നത് അപ്പീൽ ഹർജിക്കാരന് കിട്ടേണ്ട സ്വാഭാവിക നീതിയുടെ പ്രശ്നമാണ്. അതുകൊണ്ട്, ടി ഇനങ്ങൾക്കുള്ള മറുപടിയും, ആവശ്യമുള്ള പകർപ്പുകളും കൃത്യമായി ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ പൂർണ്ണമായും സൗജന്യമായി അപ്പീൽ ഹർജിക്കാരന് രജിസ്റ്റേർഡ് തപാൽ വഴിയോ, നേരിട്ടോ ലഭ്യമാക്കേണ്ടതാണ്".

2. എന്നാൽ ഉത്തരവിൽ പറയുന്ന ഈ കാര്യങ്ങൾ നടപ്പാക്കാൻ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ തയ്യാറായിട്ടില്ല, എന്നു കാണിച്ച് അപ്പീൽ ഹർജിക്കാരൻ 30-10-2019 ൽ കമ്മീഷന് പരാതി നൽകിയിട്ടുണ്ട്.

3. മറ്റൊരു അപ്പീൽ ഹർജിയിലും പരാമർശിത കാലയളവിലെ പുനലൂർ പോലീസ് സ്റ്റേഷനിലെ എസ്.പി.ഐ.ഒ തീർത്തും നിരുത്തരവാദപരമായാണ് പ്രവർത്തിച്ചിട്ടുള്ളത്. അതുകൊണ്ട് പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യെ കമ്മീഷൻ വിവരാവകാശ നിയമത്തിന്റെ 20(1) വകുപ്പ് പ്രകാരം ശിക്ഷിക്കാൻ തീരുമാനിക്കുന്നു. ശിക്ഷ ഏർപ്പെടുത്താതിരിക്കാൻ കാരണങ്ങൾ ഉണ്ടെങ്കിൽ ആയത് ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ കമ്മീഷനെ നേരിട്ടോ, രേഖാമൂലമോ ടിയാൻ അറിയിക്കേണ്ടതാണ്.

4. മേൽ പറഞ്ഞ കാലയളവിനുള്ളിൽ വിശദീകരണം ഒന്നും ലഭിക്കുന്നില്ലായെങ്കിൽ, ഇക്കാര്യത്തിൽ ടിയാന് പുതുതായി ഒന്നും ബോധിപ്പിക്കാനില്ലായെന്ന നിഗമനത്തിൽ കമ്മീഷൻ ശിക്ഷാ നടപടികളുമായി മുന്നോട്ട് പോകുന്നതായിരിക്കും. പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ സ്ഥലം മാറി പോവുകയോ, സർവ്വീസിൽ

നിന്നു വിരമിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, ഉത്തരവിന്റെ പകർപ്പ് ടിയാന് എത്തിച്ച് ടിയാന്റെ വിശദീകരണം വാങ്ങി കമ്മീഷന് ലഭ്യമാക്കേണ്ട ചുമതല നിലവിലെ എസ്.പി.ഐ.ഒ ക്ക് ആയിരിക്കും.

5. മേൽ പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം ഡിസംബർ 8, 2021 ന് താല്ക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

pre